പിടിച്ചെടുക്കുകയും ജയിൽ ചട്ടപ്രകാരമുള്ള അച്ചടക്ക നടപടികൾ കൈക്കൊള്ളുകയും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പരിശോധനയിൽ ജയിലുകളിൽ നിന്നും മാരകായുധങ്ങൾ കണ്ടെടുത്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഇല്ല.

(സി) ജയിലുകളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ജയിലുകളിലെ ചുറ്റുമതിൽ ഇലക്ട്രിക് ഫെൻസിംഗ് നടത്തി സുരക്ഷ വർദ്ധിപ്പിച്ചിട്ടുണ്ട്. മെയിൻ ഗേറ്റും പരിസര പ്രദേശങ്ങളും കർശന നിരീക്ഷണത്തിനായി ഐ.ആർ.ബി. ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സി.സി.ടി.വി., ഡി.എഫ്.എം.ഡി., എക്സ്റേ ബാഗേജ് സ്കാനർ എന്നീ സംവിധാനത്തിലൂടെയുള്ള പരിശോധന കർശനമായി നടപ്പാക്കിവരുന്നു. ജയിൽ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ നിരീക്ഷണം ഏർപ്പെടുത്താനും സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തമാക്കാനും ഡ്യൂട്ടി സ്ഥലങ്ങളിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയോഗിച്ച് തടവുകാരുടെ നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനും ഇതിലൂടെ ജയിൽ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുത്തുപറമ്പിൽ ജയിൽ വകുപ്പിന് കീഴിൽ ആരംഭിക്കുന്ന സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനം

134 (134) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പിൽ ആരംഭിക്കുന്ന സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനത്തിന് തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിലെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

(എ&ബി) കുത്തുപറമ്പിൽ ആരംഭിക്കുന്ന സ്പെഷ്യൽ സബ് ജയിലിന്റെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആൻഡ് കറക്ഷണൽ സർവ്വീസസ് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly